മംഗളം




■ ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ (എ.എഫ്.എസ്) പ്രസിഡന്റ് പ്രഫ. ഷോലിൻ ഹോംഗിൽ നിന്നും സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ ഗോൾഡ് മെഡൽ പുരസ്കാരം സ്വീകരിക്കുന്നു.

# ഡോ. ഗോപാലകൃഷ്ണന് രാജ്യാന്തര പുരസ്കാരം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണന് ഏഷ്യ-പസിഫിക് രാജ്യങ്ങളെ പ്രതിനിധീകരിക്കുന്ന ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ (എ.എഫ്.എസ്) സ്വർണമെഡൽ. മത്സ്യ കൂടുകൃഷിയുടെ പ്രചാരണത്തിന് സി.എം.എഫ്.ആർ.ഐ. നടത്തിയ ഗവേഷണ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായാണ് മൂന്ന് വർഷത്തിലൊരിക്കൽ സമ്മാനിക്കുന്ന പുരസ്കാരം ഡോ. ഗോപാലകൃഷ്ണന് ലഭിച്ചത്.

ബാങ്കോക്കിൽ നടന്ന 11-ാം ഏഷ്യൻ ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ഫോറത്തിൽ എ.എഫ്.എസ്. പ്രസിഡന്റ് പ്രഫ. ഷോലിൻ ഹോംഗ് ഡോ. ഗോപാലകൃഷ്ണന് സ്വർണമെഡലും പ്രശസ്തിപത്രവും നൽകി. എ.എഫ്.എസ്. എക്സിക്യൂട്ടീവ് കൗൺസിലിലേക്ക് ഇന്ത്യയിൽനിന്നുള്ള പ്രതിനിധിയായി ഡോ. ഗോപാലകൃഷ്ണനെ നാമനിർദേശം ചെയ്തു.

**August 18, 2016**